# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/202/2016 <u>പത്രക്കുറിപ്പ്</u> 2016 സെപ്തംബർ 22

### പി.ജി പ്രവേശനപ്പരീക്ഷ: അപേക്ഷ സെപ്തംബർ 24 വരെ സ്വീകരിക്കും

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളജുകളിലെ സോഷ്യൽ വർക്ക് (എം.എസ്.ഡബ്ല്യു), ജേർണലിസം (എം.സി.ജെ), എം.എസ്.സി ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ എന്നീ പ്രോഗ്രാമുകളിലേക്കും, ആനിമേഷൻ, സിനിമ ആന്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ എന്നീ എം.എ പ്രോഗ്രാമുകളിലേക്കും, ബാച്ചിലർ ഓഫ് ലൈബ്രറി സയൻസ് പ്രോഗ്രാമുകളിലേക്കും പ്രവേശനപ്പരീക്ഷക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സെപ്തംബർ 24 വരെ ദീർഘിപ്പിച്ചു. എം.എസ്.സി ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ ഒഴികെയുള്ള എല്ലാ പ്രോഗ്രാമുകളുടെയും പ്രവേശനപ്പരീക്ഷയിലെ മാർക്കിന്റെയും ബോണസ് പോയിന്റുകളുടെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. എം.എസ്.സി ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ പ്രോഗ്രാമിലെ പ്രവേശനം പ്രവേശനപ്പരീക്ഷയുടെയും യോഗ്യതാപ്പരീക്ഷയുടെയും മാർക്കുകളുടെ അടിസ്ഥാനത്തിലായിര്കും. വിശദമായ നോട്ടിഫിക്കേഷനും, കോളജുകളുടെയും കോഴ്സുകളുടെയും വിവരങ്ങളും, അപേക്ഷാ ഫാറത്തിന്റെ മാതൃകയും ഫീസടയ്ക്കുന്നതിനുള്ള ചെലാനും സർവ്വകലശാല വെബ് സൈറ്റിൽ ലഭിക്കും. പുരിപ്പിച്ച അപേക്ഷകൾ സെപ്തംബർ 24ന് മുൻപ് ഡപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക് –1), മഹാത്മാ ഗാന്ധി സർവ്വകലാശാല, പ്രിയദർസിനി ഹിൽസ് പി.ഒ, കോട്ടയം 686560 എന്ന വിലാസത്തിൽ ലഭിക്കണം.

### ബി.പി.എഡ്: സെപ്തംബർ 24 വരെ അപേക്ഷിക്കാം

മൂലമറ്റം സെന്റ് ജോസഫ് അക്കാഡമി ഓഫ് ഹയർ എജ്യൂക്കേഷൻ ആന്റ് റിസർച്ചിലെ ബി.പി.എഡ് പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സെപ്തംബർ 24 വരെ ദീർഘിപ്പിച്ചു. അംഗീകൃത ബിരുദവും ശാരീരിക ക്ഷമതയുമുള്ളവർക്ക് അപേക്ഷിക്കാം. യോഗ്യതാപ്പരീക്ഷയിലെ മാർക്കിന്റെയും ശാരീരിക ക്ഷമതാപ്പരീക്ഷയിലെ സ്കോറിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. വിശദമായ നോട്ടിഫിക്കേഷനും അപേക്ഷാ ഫാറത്തിന്റെ മാതൃകയും ഫീസടയ്ക്കുന്നതിനുള്ള ചെലാനും സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ സെപ്തംബർ 24ന് മുൻപ് ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക്–1), മഹാത്മാ ഗാന്ധി സർവ്വകലാശാല, പ്രിയദർസിനി ഹിൽസ് പി.ഒ, കോട്ടയം 686560 എന്ന വിലാസത്തിൽ ലഭിക്കണം.

### പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.എച്ച്.എ (പുതിയ സ്കീം – 2014 അഡ്മിഷൻ റഗുലർ, 2011–2013 അഡ്മിഷൻ സപ്ലിമെന്ററി), എം.പി.എച്ച് (2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 3ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്കീം – 2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 14ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും സ്വീകരിക്കും.

### പുനഃപ്പരീക്ഷ

മെയ് 6ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, മാന്നാനം കെ.ഇ കോളജ് എന്നിവിടങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ – 2012 മുതലുള്ള അഡ്മിഷൻ) കോർ കോഴ്സ് 7 – മാർക്കറ്റിംഗ് മാനേജ്മെന്റ് പേപ്പറിന്റെ പരീക്ഷ റദ്ദാക്കി. മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത പേപ്പറിന്റെ പുനഃപ്പരീക്ഷ സെപ്തംബർ 30ന് രാവിലെ 9.30 മുൽ 12.30 വരെ പത്തംതിട്ട കാതോലിക്കേറ്റ് കോളജ്, മാന്നാനം കെ.ഇ കോളജ് എന്നിവിടങ്ങളിൽ നടത്തും.

### പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും

എം.എ സോഷ്യോളജി (ഓഫ് കാമ്പസ് – റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി 2016 ഏപ്രിൽ/മെയ് പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും സെപ്തംബർ 27 എറണാകുളം സെന്റ് തെരേസാസ് കോളജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

എം.എ ഇസ്ലാമിക് ഹിസ്റ്ററി നാലാം സെമസ്റ്റർ (സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി), മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ (പ്രൈവറ്റ് - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും സെപ്തംബർ 27 എറണാകുളം മഹാരാജാസ് കോളജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## എം.ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് സ്പോട്ട് അഡ്മിഷൻ

തൊടുപുഴ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളജിൽ 2016-17 അദ്ധ്യയന വർഷത്തിലേക്കുള്ള സ്പോട്ട് അഡ്മിഷൻ സെപ്തംബർ 26ന് (തിങ്കളാഴ്ച) കോളജിൽ വച്ച് നടത്തും. ബന്ധപ്പെട്ട ബി.ടെക് വിഷയത്തിൽ 60 ശതമാനം മാർക്കാണ് യോഗ്യത. അവസാന വർഷം റിസൽട്ട് കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് യോഗ്യതയിൽ ഇളവും ഫീസാനുകൂല്യവും ലഭ്യമാണ്. ആദ്യസെമസ്റ്റർ ഫീസ് 66250 രൂപ. വിശദവിവരങ്ങൾക്ക് 04862-256222, 9447740696 (അബ്ദുൾ ഹക്കീം).

## എം.പി.റ്റി സീറ്റൊഴിവ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന എം.പി.റ്റി കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം ഗാന്ധിനഗറിലെ എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. വിശദവിവരങ്ങൾക്ക് വെബ് സൈറ്റ് www.sme.edu.in, ഫോൺ: 0481-6061012, 6061014.

## എസ്.എം.ഇ പി.ജി ക്ലാസുകൾ സെപ്തംബർ 28 മുതൽ

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന എല്ലാ പി.ജി കോഴ്സുകളുടെയും ക്ലാസുകൾ സെപ്തംബർ 28ന് ആരംഭിക്കും. അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം അഡ്മിറ്റ് കാർഡുമായി അന്നേദിവസം 10 മണിക്ക് കോളജിൽ എത്തിച്ചേരണം. ഫോൺ: 0481-6061012, 6061014.

## പട്ടിക വർഗ്ഗ വിഭാഗം സീറ്റ് ഒഴിവ്

എം.ജി സർവ്വകലാശാല സ്കൂൾഓഫ് പ്യൂർ ആന്റ് അപ്ലൈഡ് ഫിസിക്സ് വകുപ്പിൽ എം.എസ്.സി ഫിസിക്സ് കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ളവർ സെപ്തംബർ 26ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി 0481-2731043 എന്ന നമ്പരിൽ ബന്ധപ്പെടണം.

## വാക്ക് ഇൻ ഇന്റർവ്യൂ

എം.ജി സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനമായ തൊടുപുഴ യൂണിവേഴ്സിർറി കോളജ് ഓഫ് എഞ്ചിനീയറിംഗിൽ കരാർ അടിസ്ഥാനത്തിൽ ഗണിതശാസ്ത്ര അദ്ധ്യാപകരെയും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വകുപ്പിൽ അസോസിയേറ്റ് പ്രഫസർമാരെയും നിയമിക്കുന്നതിനുവേണ്ടിയുള്ള വാക് ഇൻ ഇന്റർവ്യൂ സെപ്തംബർ 26ന് സർവ്വകലാശാല കാമ്പസിൽ വച്ച് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഫോൺ 0481-2731032, 2733409.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**